പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 196 — 18.12.2012 ൽ മറുപടിയ്ക്ക്

## വൈദ്യുതി സർവ്വീസ് കണക്ഷൻ

**ചോദ്യം**

ശ്രീമതി. കെ.കെ. ലതിക,
ശ്രീ. കെ.വി. അബ്ദുൾ ഖാദർ,
ശ്രീ. പുരുഷൻ കടലുണ്ടി,
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

(എ) ക്യാഷ് ഡെപ്പോസിറ്റ് അടച്ച് വൈദ്യുതി സർവ്വീസ് കണക്ഷന് കാത്തിരിക്കുന്നവർക്ക് കണക്ഷൻ നൽകാൻ ബാക്കിയുണ്ടോ;

(എ) ഉണ്ട്.

(ബി) നോർമൽ പ്രയോറിട്ടി കണക്ഷനുകൾ നിർത്തലാക്കിയ സ്ഥിതിക്ക് ഇവർക്ക് കണക്ഷൻ നൽകാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പട്ടികജാതി-പട്ടികവർഗ്ഗം, വികലാംഗർ ഇടങ്ങിയ വിവിധ വിഭാഗങ്ങൾക്ക് നൽകിയിരുന്ന മുൻഗണനാ കണക്ഷനുകൾ നിർത്തലാക്കിയ നടപടി പുനഃപരിശോധിക്കുമോ;

(ബി) & (സി) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005-ലെ 7(1) വകുപ്പ് പ്രകാരം 500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി/എസ്.ടി വിഭാഗത്തിലുള്ള അപേക്ഷകർക്കും (ലൈൻ നീട്ടൽ ആവശ്യമില്ലാത്ത) സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (ആർ.ജി.ജി.വി.വൈ) കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നല്കുവാനുള്ള ലൈൻ നീട്ടൽ പ്രവൃത്തികൾ പൂർത്തിയാകുന്നതാണ്. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

.....2

കൂടാതെ മറ്റ് പാവപ്പെട്ട അപേക്ഷകർക്ക് ലൈൻ വലിക്കുന്നതിനുള്ള പ്രവൃത്തികളും എസ്.സി/ എസ്.റ്റി. വിഭാഗത്തിലുള്ള അപേക്ഷകർ, വികലാംഗർ, ക്യാൻസർ രോഗികൾ തുടങ്ങിയവർക്ക് സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികളും ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| (ഡി) ഈ വിഭാഗത്തിലെ എത്ര ഉപഭോക്താക്കൾ കണക്ഷന് വേണ്ടി കാത്തു നിൽക്കുന്നുണ്ട് എന്ന് വിശദമാക്കുമോ? | (ഡി) ലഭ്യമായ കണക്കനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗം, വികലാംഗർ എന്നീ വിഭാഗങ്ങളിലായി 397 അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകുവാനുണ്ട്. |

സെക്ഷൻ ഓഫീസർ.